# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5041

01.07.2013-ലെ മറുപടിക്ക്

## തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.പി.വിൻസെന്റ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ജയിൽ വകുപ്പിൽ തടവുകാരുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് അനേകം കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ തടവുകാരുടെ ക്ഷേമം എന്ന വാർഷിക പദ്ധതിയിൽ അനുവദിച്ച തുക കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും പൂർണ്ണമായും ഉപയോഗിച്ച് തടവുകാർക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ശിക്ഷ കഴിഞ്ഞ് പുറത്തേയ്ക്കു പോകുന്ന തടവുകാർക്ക് പുതിയ ജീവിതം തുടങ്ങുന്നതിന് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറി ഫാം ആരംഭിക്കുക വഴി തടവുകാർക്ക് കന്നുകാലി വളർത്തലിൽ പരിശീലനവും പന്നി വളർത്തൽ, പൂകൃഷി, കൂൺ കൃഷി, റബ്ബർ നേഴ്സറി, വെർമി കംപോസ്റ്റ്, തേനീച്ച വളർത്തൽ, സോപ്പ് നിർമ്മാണം, ഫിനോയിൽ നിർമ്മാണം, കാർപെന്ററി, കൊല്ലപ്പണി, കെട്ടിട നിർമ്മാണം, സിമന്റ് കട്ട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, പേപ്പർ ബാഗ്, കുട നിർമ്മാണം, ജൂവലറി മേക്കിംഗ്, ഗാർമെന്റ് മേക്കിംഗ്, കോഴി വളർത്തൽ, വാണിജ്യാടിസ്ഥാനത്തിൽ |

ചപ്പാത്തി നിർമ്മാണം, ചിക്കൻ കറി, വെജിറ്റബിൾ കറി, ചില്ലി ചിക്കൻ, ചിപ്സ് മേക്കിംഗ്, അച്ചാർ നിർമ്മാണം, ഇഡ്ഡലിയും സാമ്പാറും, ബൺ, കേക്ക് എന്നീ ബേക്കറി സാധനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉണ്ടാക്കി വിൽക്കുന്നതിനും പരിശീലനം നൽകുന്നുണ്ട്.

സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

സി) ഗവൺമെന്റിന്റെ വിവിധ ഏജൻസികളാണ് ജയിൽ വകുപ്പിൽ നവീന പദ്ധതികൾക്ക് സഹായിക്കുന്നത്. ഐ.റ്റി. മിഷൻ, നിർമ്മിതി കേന്ദ്രം, കേരള കാർഷിക കോളേജ്, വിവിധ സന്നദ്ധസംഘടനകൾ എന്നിവ മുഖാന്തിരം തടവുകാർക്ക് തൊഴിലധിഷ്ഠിത ട്രെയിനിംഗ് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ